ഒരു ശരാശരി ഇന്ത്യൻ ഗ്രാമീണനെ സംബന്ധിച്ചിടത്തോളം പ്രൈമറി സ്കൂൾ രണ്ട് കിലോമീററർ അകലെയാണ്. ഹൈസ്കൂളിലേക്ക് 16 കിലോമീറററും തപാലാപ്പീസിലേക്ക് 5 കിലോമീറററും ടെലഗ്രാഫ് ഓഫീസിലേക്ക് 18 കിലോമീറററും അയാൾക്ക് സഞ്ചരിക്കേണ്ടിയിരിക്കുമ്പോൾ ഒരു ഗ്രന്ഥശാല ഇന്ത്യൻ ഗ്രാമീണനിൽനിന്നും ശരാശരി 150 കിലോമീററർ അകലെയാണ്. ഗ്രാമീണൻെറ സ്വയം പഠനത്തിന് തുടർവിദ്യാഭ്യാസത്തിന് സഹായകമാകുന്ന ഏതൊരു സ്ഥാപനവും അവനിൽനിന്ന് അതിലേറെ അകലെയാണ്.

ഗ്രന്ഥാലയ ശാസ്ത്രം

# ഗ്രാമങ്ങളിൽ വിജ്ഞാനവിതരണം

## ആർ. രാമൻനായർ

ഇന്ത്യ ഗ്രാമങ്ങളുടെ നാടാണ്. എൺപത് ശതമാനത്തിലധികം ജനങ്ങളും ഗ്രാമങ്ങളിലാണ് വസിക്കുന്നത്. ജനതയുടെ ഭൂരിപക്ഷം വരുന്ന ഈ ഗ്രാമീണ കർഷകരുടെ പ്രവർത്തനമാണ് നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനഘടകം. എങ്കിലും ഈ ബഹുഭൂരിപക്ഷത്തിൻെറ ഉന്നമനത്തിന് ദേശീയവരുമാനത്തിൻെറ നിസ്സാരമായൊരു പങ്കേ ഉപയോഗിക്കപ്പെടുന്നുള്ളു. ഗ്രാമീണരുടെ ജീവിതനിലവാരം ഇന്ന് പരിതാപകരമാംവിധം മോശമായിരിക്കുന്നു. പഞ്ചവൽസരപദ്ധതികളിലും മററ് പരിപാടികളിലും അമിതമായ പ്രാധാന്യത്തോടെ ഗ്രാമവികസനത്തെ ഉൾപ്പെടുത്തി താത്വികമായി ഗ്രാമത്തിൻെറ പ്രാധാന്യം

Raman Nair,
Librarian, Govt. College,
Kasargod 670 123

നമ്മൾ അംഗീകരിച്ചിരിക്കുന്നു. പക്ഷേ പ്രായോഗികമായി ഭരണത്തിൻെറ നിയന്ത്രണം കയ്യാളുന്ന നാഗരികസമൂഹത്തിൻെറ സ്വാർത്ഥത ഗ്രാമീണരുടെ എല്ലാ അവകാശങ്ങളെയും നിഷേധിച്ചിരിക്കുന്നു. സാമൂഹ്യസേവന പദ്ധതികളും വികസന പ്രവർത്തനങ്ങളും ഒന്നുംതന്നെ യഥാർത്ഥത്തിൽ ഗ്രാമീണരിലേക്ക് കടന്നുചെല്ലുന്നില്ല. ദുർബലവിഭാഗങ്ങളെ പുനരുദ്ധരിച്ച് അസമത്വങ്ങൾ ഇല്ലാതാക്കുവാൻവേണ്ടി സമൂഹത്തിൽ വിനിയോഗിക്കപ്പെടേണ്ട ദേശീയ വരുമാനം സമ്പന്നരായ ഒരു ന്യൂനപക്ഷത്തിൻെറ സൗകര്യങ്ങൾ വർധിപ്പിക്കുകയും സാമ്പത്തികമായി അസമത്വങ്ങൾ വളർത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഗവൺമെൻറിൻെറ എല്ലാ പ്രവർത്തനരംഗങ്ങളിലും അറിഞ്ഞും അറിയാതെയും ഗ്രാമനഗരപക്ഷപാതങ്ങൾ പ്രകടമാവുന്നു. ഗ്രാമീണരുടെയുംകൂടി വികസനത്തെ സംബന്ധിച്ച എല്ലാ പദ്ധതികളും ആസൂത്രണം ചെയ്യുന്നതും പ്രവർത്തനങ്ങൾ നടത്തുന്നതും ഗ്രാമേതര പശ്ചാത്തലത്തിൽനിന്നും വരുന്ന വിദഗ്ധൻമാരാവുമ്പോൾ ഈ പക്ഷപാതം ഉണ്ടാവാതി

രിക്കുക സാധ്യവുമല്ലല്ലോ. ഫലമോ? പന്ത്രണ്ടാമത് ദേശീയ സാമ്പിൾ സർവേയുടെ കണക്കനുസരിച്ച് ഒരു ശരാശരി ഇന്ത്യൻ ഗ്രാമീണനെ സംബന്ധിച്ചിടത്തോളം പ്രൈമറി സ്ക്കൂൾ രണ്ട് കിലോമീററർ അകലെയാണ്. ഹൈസ്ക്കൂളിലേക്ക് 16 കിലോമീററും തപാലാഫീസിലേക്ക് 5 കിലോമീററും ടെലഗ്രാഫ് ഓഫീസിലേക്ക് 18 കിലോമീററും അയാൾക്ക് സഞ്ചരിക്കേണ്ടിയിരിക്കുമ്പോൾ ഒരു ഗ്രന്ഥശാല ഇന്ത്യൻ ഗ്രാമീണരിൽനിന്നും ശരാശരി 150 കിലോമീററർ അകലെയാണ്. ഗ്രാമീണന്റെ സ്വയം പഠനത്തിന്, തുടർവിദ്യാഭ്യാസത്തിന് സഹായകമാകുന്ന ഏതൊരു സ്ഥാപനവും അവനിൽ നിന്ന് അതിലേറെ അകലെയാണ്. ഒരു ഇന്ത്യൻ നഗരത്തിലെ തന്നെ സൗകര്യങ്ങളുമായി ഇതൊന്ന് താരതമ്യം ചെയ്ത് നോക്കുമ്പോൾ, ആസൂത്രിത വികസനത്തിന്റേതായ നാലു ദശാബ്ദങ്ങൾക്കുശേഷവും ഇന്ത്യൻ ഗ്രാമങ്ങളുടെ പരിതാപകരമായ അവസ്ഥക്ക് മാററമൊന്നും ഉണ്ടായിട്ടില്ലെന്നാണ് നാം കാണുന്നത്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ഗ്രാമങ്ങളിൽ ഒരു നിശബ്ദ സാമൂഹിക വിപ്ളവം അരങ്ങേറിക്കൊണ്ടിരിക്കുകയാണ് എന്ന് നാം കൊട്ടിഘോഷിക്കുന്നത് വെറും വാചകകസർത്താണെന്നും ബ്രിട്ടീഷുകാരുടെ പിൻവാങ്ങലിനുശേഷവും യഥാർഥത്തിൽ നമ്മുടെ ഗ്രാമങ്ങളുടെ അടിമത്തം അവസാനിച്ചിട്ടില്ലെന്നുമാണ് ഈ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. അന്ന് ബ്രിട്ടീഷ് മേൽക്കോയ്മ ആയിരുന്നു ഇന്ത്യൻ ഗ്രാമങ്ങളുടെ ശാപമെങ്കിൽ ഇന്ന് ന്യൂനപക്ഷംവരുന്ന സമ്പന്നരായ നാഗരികരുടെ ആധിപത്യമാണ് ഇന്ത്യൻ ഗ്രാമീണരിൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസപരമായി മുന്നിട്ടുനില്ക്കുന്നു എന്ന് നമ്മൾ അഭിമാനിക്കുന്ന, രാഷ്ട്രീയ പ്രബുദ്ധത അവകാശപ്പെടുന്ന ''ഈ കേരളത്തിൽക്കൂടി മൊത്തം ജനതയുടെ എട്ടുശതമാനം വരുന്ന സമ്പന്നവിഭാഗമാണ് രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിലെ നിർണായ ശക്തിയായി വർത്തിക്കുന്നത്. ഒരു ചെറിയ ന്യൂനപക്ഷമായ ഈ വിഭാഗത്തിന്റെ പൊതുസ്വത്തുക്കളുടെയും ധനത്തിന്റെയും വർധമാനമായ സഞ്ചയം ഇവിടുത്തെ രാഷ്ട്രീയ പ്രക്രിയ വിശകലനം ചെയ്യുമ്പോൾ അതീവ പ്രാധാന്യത്തോടെ കണക്കിലെടുക്കേണ്ടതുണ്ട്'' എന്നാണ് റോബിൻ ജെഫ്രി രേഖപ്പെടുത്തുന്നത്. ജനതയുടെ ആകെ അധ്വാനഫലമായ ദേശീയ വരുമാനം അസമത്വങ്ങൾ ഇല്ലാതാക്കാനാവും വിധം സമൂഹത്തിൽ വിതരണം നടത്തുന്നതിന് പകരം സമ്പന്നവിഭാഗത്തിന്റെ സ്വകാര്യസൗകര്യങ്ങളും സമ്പത്തും വർധിപ്പിക്കുവാൻ വേണ്ടി മാത്രം ചോർത്തപ്പെടുന്നു.

## ദേശീയവികസനത്തിന്

അടിസ്ഥാനപരമായി വികലമായ വികസനപ്രവർത്തനങ്ങളാണ് ഈ ചൂഷണത്തിന് കളമൊരുക്കുന്നത്. ഗ്രാമവികസനം എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനമായി അവിടുത്തെ കാർഷിക പരിപാടികളും ആരോഗ്യപരിപാലന പ്രവർത്തനങ്ങളും ജനസംഖ്യാ നിയന്ത്രണവും മാത്രമാണ്. ഈ പ്രവർത്തനങ്ങൾ ഗ്രാമീണർക്ക് പ്രയോജനപ്പെടണമെങ്കിൽ അതിന്റെ മുൻ ഉപാധിയായി അവർ ബോധവൽക്കരിക്കപ്പെട്ടിരിക്കണമെന്ന കാര്യം നമ്മൾ അപ്പാടെ അവഗണിക്കുന്നു. ഗ്രാമീണർക്ക് അവരുടെ ചുററുപാടുകളുമായി ഒത്തുപോകുന്ന വിദ്യാഭ്യാസം നൽകാത്തതും സാംസ്കാരിക വാർത്താവിനിമയ സൗകര്യങ്ങൾ അവർക്കു കൂടി ലഭ്യമാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ നിർവഹിക്കാത്തതുമാണ് നമ്മുടെ ഗ്രാമവികസന പ്രവർത്തനങ്ങളുടെ പരാജയത്തിന്റെ അടിസ്ഥാന കാരണം. സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ പുരോഗമന പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാനുള്ള ശക്തമായ ഉപകരണം വിദ്യാഭ്യാസമാണ്. ദേശീയ ലക്ഷ്യങ്ങളോടും ഗ്രാമവികസന പരിപാടികളോടും വിദ്യാഭ്യാസത്തെ കൂട്ടിയോജിപ്പിച്ചാലല്ലാതെ ഗ്രാമങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ല. വ്യക്തിയുടെ സമഗ്രമായ വികാസം നേടേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ്. അവനിൽ ശാസ്ത്രീയ മനോഭാവം വളർത്തി ജനായത്ത വ്യവസ്ഥയിലെ ഭരണകാര്യങ്ങളിൽ പങ്കെടുപ്പിച്ച്, ധാർമിക മൂല്യങ്ങളെക്കുറിച്ചുള്ള ധാരണ പകർന്ന്, സാമ്പത്തിക, സാമൂഹിക,

സാംസ്കാരിക ചുററുപാടുകളെ കുറിച്ച് അവനെ ബോധവാനാക്കി മാററങ്ങളോടൊത്ത് പോകുവാൻ അവനെ പ്രാപ്തനാക്കേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ്. ജാതി–മത വർഗ പ്രാദേശിക വ്യത്യാസമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകേണ്ടത് ഒരു ജനായത്ത ഗവൺമെൻറിൻെറ അനുപേക്ഷണീയമായ കടമ കളിൽപ്പെടുന്നു. ജനായത്തഭരണം അർഥ പൂർണ്ണമാകണമെങ്കിൽ ജനങ്ങൾ വിദ്യസമ്പന്ന രായിരിക്കണം. ലെനിൻ പറയുമ്പോലെ വിദ്യാ ഭ്യാസമില്ലാത്ത, നിരക്ഷരനും അജ്ഞനുമായ ഒരു വ്യക്തി നമ്മുടെ രാഷ്ട്രീയ മണ്ഡല ത്തിന് പുറത്താണ്. രാഷ്ട്രീയ സാമൂഹ്യ ജീവിതത്തിൽ നിർണായക പങ്കുവഹിക്കാൻ വിദ്യാഭ്യാസം നേടേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് യഥാർഥ ഗ്രാമവികസനം സാധ്യ മാവണമെങ്കിൽ ഇടത്തട്ടുകാരായ ഉദ്യോഗസ്ഥ വൃന്ദത്തിൻെറ ചൂഷണം ഒഴിവാക്കി, വികസന പ്രവർത്തനങ്ങളിൽ സ്വയം നേതൃത്വമേറെറടു ക്കുവാൻ വിദ്യാഭ്യാസത്തിലൂടെ ഗ്രാമീണരെ പ്രാപ്തരാക്കേണ്ടതുണ്ട്. അങ്ങനെ നഗരത്തി ലെപ്പോല ഗ്രാമങ്ങളിലും വിദ്യാഭ്യാസ, വിജ്ഞാനവിതരണ, വാർത്താവിനിമയ സൗക ര്യങ്ങൾ ലഭ്യമായി ''ചിന്തയുടെയും പ്രവർത്ത നത്തിൻെറയും മേഖലയിലേക്ക് ജനതയെ ഒന്നാകെ കൈകൊടുത്ത് ഉയർത്തുമ്പോഴേ ദേശീയ വികസനം സാധ്യമാവൂ''. സമ്പത്തിക മായ ഉച്ചനീചത്വം വളരെ പ്രകടമായുള്ള നമ്മുടെ വ്യവസ്ഥയിൽ ജനതയുടെ ആകെ സമ്പത്തായ, പൊതുവായി എല്ലാവർക്കും തുല്യമായി പ്രയോജനപ്രദമാകേണ്ട വിദ്യാഭ്യാ സം വിജ്ഞാനവിതരണ വാർത്താവിനിമയസൗ കര്യങ്ങളുടെ നിഷേധമാണ്, അടിച്ചേൽപ്പിക്ക പ്പെട്ടിരിക്കുന്ന മറെറല്ലാ അസമത്വങ്ങളെക്കാളും ഇന്ത്യൻ ഗ്രാമീണനെ തളർത്തിയിരിക്കുന്നത്. അങ്ങനെ നിഷേധിക്കപ്പെട്ടിരിക്കുന്ന സേവന ങ്ങളാണ് അവന് ശബ്ദവും ശക്തിയും നൽകേണ്ടിയിരുന്നത്. ഈ പക്ഷപാതത്തിൻെറ ഫലമായ ഗ്രാമീണൻെറ അജ്ഞതയും ഒററ പ്പെടലും വിലപേശലിനുള്ള ശേഷിക്കുറവും അത്തരമൊരു ചൂഷണവ്യവസ്ഥ തുടരുന്ന തിന് സമ്പന്നവിഭാഗത്തെ സഹായിക്കുന്നു.

നമ്മുടെ എല്ലാ വിദ്യാഭ്യാസ സൗകര്യങ്ങ ളും ഇന്നും പ്രധാനമായും നഗരങ്ങളെയും നഗ രവാസികളെയും ചുററിപ്പററിയാണ് നടക്കുന്ന ത്. ഒരു പരിധിവരെ ഔപചാരിക വിദ്യാ ഭ്യാസ സൗകര്യങ്ങൾ ഗ്രാമങ്ങളിലും ലഭ്യമാക്കി യിട്ടുള്ളതുകൊണ്ട് ഗവൺമെൻറിൻെറ സ്ഥി തിവിവരക്കണക്കുകളിൽ, പുരോഗമനപ്രവർ ത്തന റിപ്പോർട്ടുകളിൽ വ്യക്തമായ ഒരു പക്ഷ പാതം പ്രകടമല്ല. പക്ഷേ പ്രവർത്തനഫലങ്ങ ളെക്കുറിച്ച് വിചിന്തനം ചെയ്യുമ്പോൾ ഗ്രാമീ ണന് പ്രയോജനപ്രദമാവാത്ത ഒരു വിദ്യാഭ്യാസ സമ്പ്രദായം വലിച്ചെറിഞ്ഞുകൊടുക്കുന്നതിലൂ ടെ അവനെ അജ്ഞതയിലും അടിമത്തത്തിലും തളച്ചിടാനുള്ള ഒരു കുൽസിത ശ്രമം ഇവിടെ വിജയകരമായി അരങ്ങേറുകയാണോ എന്ന് സംശയിക്കേണ്ടിവരുന്നു.

## അനൗപചാരിക വിദ്യാഭ്യാസത്തിൻെറ പ്രസക്തി

ഇന്ത്യൻ ഗ്രാമങ്ങളുടെ പ്രത്യേക സാഹച ര്യത്തിൽ അനൗപചാരിക വിദ്യാഭ്യാസം ഔപ ചാരിക വിദ്യാഭ്യാസത്തെക്കാളും ഒട്ടുംതന്നെ അപ്രധാനമല്ല എന്നാണ് കഴിഞ്ഞ നാല് ദശക ങ്ങളിലെ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തന ങ്ങളെ വിലയിരുത്തുമ്പോൾ വ്യക്തമാകുന്ന ത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം നാല് ദശകംകൊണ്ട് രണ്ട് ലക്ഷത്തിൽനിന്ന് ഏഴ് ലക്ഷമായി. ഭരണഘടന വാഗ്ദാനം ചെയ്തപോലെ പതിനാല് വയസുവരെയുള്ള എല്ലാവർക്കും സൗജന്യനിർബന്ധിത വിദ്യാ ഭ്യാസം ലഭ്യമാക്കാൻ പത്തല്ല നാൽപത് വർഷം കഴിഞ്ഞിട്ടും നമുക്ക് സാധ്യമായില്ല. ഗവൺ മെൻറിൻെറയും സന്നദ്ധസംഘടനകളുടെയും വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഫലമായിട്ടുകൂടി നിരക്ഷരതാനിർമാർജനം പരാജയപ്പെടുന്നു. നാൽപ്പത്വർഷംകൊണ്ട് ജനസംഖ്യയും സാക്ഷരരുടെ എണ്ണവും ഇര ട്ടിച്ചപ്പോൾ നമ്മുടെ നിരക്ഷരുടെ എണ്ണമോ നാലിരട്ടിയായിരിക്കുന്നു. വേൾഡ് ബാ ങ്കിൻെറ നയരേഖ പറയുന്നത് രണ്ടായിര മാണ്ട്ആകുമ്പോൾ 15 മുതൽ 19 വയസു വരെ പ്രായമുള്ളവരിൽ ലോകത്തെ നിര ക്ഷരരുടെ 54.8% വും ഇന്ത്യയിലായിരി ക്കുമെന്നാണ്.

ഇനി സാക്ഷരരെന്ന് ഇന്ന് നമ്മൾ കണക്കിൽ ചേർത്തിരിക്കുന്ന 37% പേരുടെ സ്ഥിതിയോ? അവരിൽ മൂന്നിൽ ഒരു ഭാഗവും സ്കൂളുകളിലും കോളേജുകളിലും പഠിച്ചിട്ടുള്ളവരല്ല. മററൊരു മൂന്നിലൊന്നിന് പ്രൈമറി വിദ്യാഭ്യാസം മാത്രമെ ലഭിച്ചിട്ടുള്ളു. ആകെ ജനതയുടെ വെറും മൂന്നരശതമാനം മാത്രമാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവർ. ഒന്നര ശതമാനത്തിന് മാത്രമാണ് ബിരുദമെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ഗ്രാമീണരുടെ മാത്രം കണക്കുകളെടുത്താൽ ഇതിൻെറ നാലിലൊന്ന് പുരോഗതികൂടി ഉണ്ടാവില്ല.

ജനസംഖ്യയിൽ ഗ്രമീണർ എൺപതുശതമാനത്തോളം ആണെങ്കിലും സ്കൂൾവിദ്യാർഥികളിൽ അറുപതു ശതമാനത്തോളമേ ഗ്രാമീണരായുള്ളു. ഈ ഗ്രാമീണ വിദ്യാർഥികളുടേയും ഭൂരിഭാഗവും 4—ാം ക്ളാസിൽ എത്തുംമുൻപു തന്നെ സ്കൂൾ വിദ്യാഭ്യാസം നിറുത്തുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഗ്രാമീണ വിദ്യാർഥികൾ ബഹുഭൂരിപക്ഷവും തൊഴിലാളികളുടേയും സാധാരണ കർഷകരുടേയും മക്കളാണ്. കുടുംബകാര്യങ്ങളിലും കൃഷിപ്പണികളിലും മററു തൊഴിലുകളിലും മാതാപിതാക്കളെ സഹായിക്കേണ്ടി വരുന്ന അവർക്ക് വിദ്യാഭ്യാസം ഭാഗികമായ ഒരു ചുമതലമാത്രമാണ്. അത്ര ദയനീയമാണ് അവരുടെ ജീവിത സാഹചര്യങ്ങൾ ഈ പാവപ്പെട്ട ഗ്രാമീണ വിദ്യാർഥികളുടെ എൺപത്തഞ്ചുശതമാനത്തിനും സ്കൂൾ വിദ്യാഭ്യാസം കൂടി പൂർത്തിയാക്കാൻ സാധിക്കുന്നില്ല. അങ്ങനെ ജനതയുടെ വിദ്യാഭ്യാസത്തിനായി ചെലവിടുന്ന ഭൂരിഭാഗം ധനവും പാഴായിപോകുന്നു. എന്തായാലും അഭൂതപൂർവമായി പെരുകുന്ന നിരക്ഷരരുടെ എണ്ണവും വിദ്യാഭ്യാസപദ്ധതികളുടെ പരാജയവും നമ്മുടെ വിദ്യാഭ്യാസനയത്തിൻെറ ഗൗരവതരമായ തകരാറുകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഗ്രാമപ്രദേശങ്ങളിലെ വിദ്യാഭ്യാസത്തെ സംബന്ധിച്ചകമ്മിററി വളരെ മുൻപേതന്നെ ഈ പരാജയത്തിൻെറ കാരണങ്ങൾ വ്യക്തമാക്കുകയുണ്ടായി. സ്ക്കൂളുകൾക്കൊപ്പംതന്നെ സമൂഹവിദ്യാഭ്യാസ സൗകര്യങ്ങളും സൗജന്യഗ്രന്ഥാലയ സേവനവും ഗ്രാമങ്ങളിൽ ലഭ്യമാക്കുകയാണ് ഈ തകരാറുകൾ പരിഹരിക്കാൻ, നിരക്ഷരത നിർമാർജനം ചെയ്യാൻ, സാക്ഷരത നിലനിർത്താൻ ഉള്ള മാർഗമായി കമ്മിററി നിർദേശിച്ചത്.

ഇന്ത്യൻ ഗ്രാമങ്ങളുടെ വിദ്യാഭ്യാസ പുരോഗതി അനൗപചാരിക, തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ മാത്രമേ സാധ്യമാകൂ. പക്ഷേ ഗ്രാമങ്ങളിൽപോലും നമ്മൾ ഇന്നും അനൗപചാരിക, തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഒട്ടുംതന്നെ പ്രാധാന്യം നൽകുന്നില്ല. നാമമാത്രമായി നാം നടത്തുന്ന അനൗപചാരിക വിദ്യാഭ്യാസ പരിപാടികളും ഔപചാരികത്വം മാത്രമുള്ള പ്രയോജനശൂന്യമായൊരു പ്രവർത്തനമായി തീർന്നിരിക്കുന്നു. നമ്മുടെ അനൗപചാരിക തുടർവിദ്യാഭ്യാസത്തെ സംബന്ധിച്ച പദ്ധതികൾ നിരക്ഷരതാ നിർമാർജനവും ജനകീയ വിദ്യാഭ്യാസവും വിജയകരമായി നടപ്പാക്കാൻ ആവുന്ന സമൂഹ കേന്ദ്രങ്ങളായ ഗ്രന്ഥാലയങ്ങളെ പൂർണമായും അവഗണിക്കുന്നു. അവയെ ഉപയോഗപ്പെടുത്തുവാനോ കാര്യക്ഷമമാക്കുവാനോ വേണ്ട യാതൊരു പ്രവർത്തന പദ്ധതികളും നമ്മുടെ വിദ്യാഭ്യാസ മേഖലയിലില്ല.

അനൗപചാരിക വിദ്യാഭ്യാസത്തിനും അതിനു സഹായകമാകുന്ന കേന്ദ്രങ്ങളായ ഗ്രന്ഥാലയങ്ങൾക്കും സോഷ്യലിസ്ററ് സമൂഹത്തെ ലക്ഷ്യമാക്കുന്ന ജനായത്ത വ്യവസ്ഥിതികൾ ലോകമെമ്പാടും ഔപചാരിക വിദ്യാഭ്യാസത്തെക്കാളും അധികം പ്രാധാന്യം നൽകുന്നുണ്ട്. അതിന് കാരണവുമുണ്ട്. വിദ്യാഭ്യാസത്തിൻെറ ജനകീയവൽക്കരണം എല്ലാ സമൂഹങ്ങളുടേയും ലക്ഷ്യമാണ്. വിജ്ഞാനത്തിൻെറ വാതിലുകൾ എല്ലാവർക്കുംവേണ്ടി തുറന്നിടണം. വിദ്യാഭ്യാസം ഒരു പ്രത്യേക സമൂഹത്തിൻെറ കുത്തകയല്ലാതെ സാർവലൗകികമാകണം. ഇതിന് അനൗപചാരികവിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ ഗ്രന്ഥാലയങ്ങളിലൂടെ മാത്രമേ സാധ്യമാകു.

ഇപ്പോഴത്തെ നമ്മുടെ അനൗപചാരിക വിദ്യാഭ്യാസ പരിപാടികളിലെപ്പോലെ ഗ്രാമീണരെ എഴുത്തും വായനയും മാത്രം പഠിപ്പിച്ചുവെന്നതുകൊണ്ട് കാര്യമൊന്നുമില്ല. സാക്ഷരത പ്രയോജനപ്രദമാകണമെങ്കിൽ ജീവിത

ത്തിൽ അതിന് പ്രായോഗിക പ്രസക്തി വേണം. അക്ഷരങ്ങളും വാക്കുകളും യാഥാർഥ്യത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന പാതകൾ മാത്രമാണ്. ശരിയായ ബോധമുൾക്കൊള്ളാനുള്ള ഉപകരണങ്ങളാണ് ഭാഷയും പുസ്തകവും. പുതുതായി സാക്ഷരത നേടുന്ന ജനങ്ങൾക്ക് സാക്ഷരതയാവുന്ന വഴിയിലൂടെ, കയറിച്ചെല്ലാവുന്ന അറിവിന്റെ ലോകമാണ് ഗ്രന്ഥാലയം. ഇന്ന് അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്ന വിഭാഗങ്ങൾക്കും സംഘടനകൾക്കും നൽകുവാൻ സാധ്യമല്ലാത്തതും അവർ അവഗണിച്ചിരിക്കുന്നതും ഈ പ്രധാന ആവശ്യം നിവർത്തിക്കുവാനാവുന്ന ഗ്രന്ഥാലയ സേവനമാണ്. ഗ്രന്ഥാലയങ്ങളുടെഅഭാവത്തിൽനവസാക്ഷരർ മാത്രമല്ല സാമാന്യവിദ്യാഭ്യാസം നേടിയവർകൂടി നിരക്ഷരതയിലേക്കു വഴുതിവീഴുകയോഅജ്ഞരായിതന്നെ തുടരുകയോ ചെയ്യും എന്നതിന് യാതൊരു സംശയവുമില്ല. ഗ്രന്ഥാലയങ്ങൾക്കു പകരമായി, ഈ നവസാക്ഷരർക്കും വിദ്യാഭ്യാസം പൂർത്തിയാക്കാനാവാത്തവർക്കും സ്വയം പഠനത്തിന്, തുടർവിദ്യാഭ്യാസത്തിന് സമീപിക്കാവുന്ന മറ്റൊരു സ്ഥാപനവുമില്ല. നമുക്ക് ഒരു ദേശീയ ഗ്രന്ഥാലയനയവും സംസ്ഥാനങ്ങളിൽ നിയമാധിഷ്ഠിതമായ എല്ലാ പ്രദേശങ്ങളിലുമെത്തുന്ന കാര്യക്ഷമമായ ഗ്രന്ഥാലയ സേവന സംവിധാനവുമില്ലാതെ നമ്മുടെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളൊന്നുംതന്നെ ഫലപ്രദമാകില്ല. പക്ഷേ ഇന്ന് നമുക്ക് ഒൻപതു ശതമാനം ഗ്രാമങ്ങളിൽ മാത്രമേ ഗ്രന്ഥാലയങ്ങളുള്ളൂ. മൊത്തം ജനതയുടെ ഇരുപതുശതമാനത്തിന്, ഗ്രാമീണരിലെ രണ്ടര ശതമാനത്തിന് മാത്രമേ നാമമാത്രമായ ഗ്രന്ഥാലയ സേവനങ്ങളെയെങ്കിലും സമീപിക്കാനാവുന്നുള്ളൂ.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മാത്രമല്ല ഔപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിജയത്തിനുകൂടി ഒരു ദേശീയ ഗ്രന്ഥാലയ സേവന സംവിധാനം ഒഴിച്ചുകൂടാനാവാത്തതാണെന്ന് യുണെസ്കോയുടെ അന്തർദേശീയ വിളംബരം വ്യക്തമാക്കുന്നു. ''പൊതുഗ്രന്ഥാലയം ജനകീയ വിദ്യാഭ്യാസത്തിന്റെ ജീവനാഡിയാണ്. എല്ലാവർക്കും തുല്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ജനായത്ത വ്യവസ്ഥയുടെ ലക്ഷ്യം നേടാൻ പൊതുഗ്രന്ഥാലയങ്ങളുടെ പ്രവർത്തനത്തിലൂടെ മാത്രമേ സാധ്യമാവൂ.''

പ്ളാനിംഗ് കമ്മീഷന്റെ ഏഴാം പഞ്ചവൽസരപദ്ധതിക്ക് വേണ്ടിയുള്ള ഗ്രന്ഥാലയങ്ങളെയും വിജ്ഞാന വിനിമയ സേവനങ്ങളെയും സംബന്ധിച്ച പ്രവർത്തനക്കമ്മിറ്റിയും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗ്രന്ഥാലയത്തിന് നൽകേണ്ട പ്രാധാന്യം ചൂണ്ടിക്കാണിക്കുന്നു. ഒരു വ്യക്തിക്കു തന്റെ അറിവിന്റെ മേഖലയും കഴിവുകളും വികസിപ്പിച്ച് എല്ലാ കാര്യങ്ങളെക്കുറിച്ചും ശരിയായ, പക്വമായ തീരുമാനങ്ങളെടുക്കാൻ പ്രാപ്തി നേടാനും അങ്ങനെ ഉത്തമ പൗരനായിത്തീരാനും വിദ്യാഭ്യാസം ഒഴിച്ചുകൂടാനാവാത്തതാണ്. അതിപ്രധാനമായ സ്ക്കൂളുകൾ കോളേജുകൾ യൂണിവേഴ്സിറ്റികൾ തുടങ്ങിയ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാം അർഹിക്കുന്ന പ്രാധാന്യം നൽകുന്നുണ്ട്. പക്ഷേ വ്യക്തികളുടെ ബഹുമുഖമായ കഴിവുകളുടെ വികസനം ആ സ്ഥാപനങ്ങളുടെ പ്രവർത്തനം കൊണ്ട് മാത്രം സാധ്യമാവില്ല. 'അനൗപചാരിക വിദ്യാഭ്യാസം' അല്ലെങ്കിൽ 'സ്വയം പഠനം' വ്യക്തിത്വവികാസത്തിൽ സുപ്രധാനമായൊരു പങ്കുവഹിക്കുന്നു. കാരണം വിദ്യാഭ്യാസപ്രക്രിയ ഔപചാരിക വിദ്യാഭ്യാസം തീരുന്നതോടൊപ്പം പൂർണമാകുന്നില്ല. യഥാർഥ വിദ്യാഭ്യാസം ഔപചാരിക വിദ്യാഭ്യാസം അവസാനിക്കുന്നിടത്ത് നിന്ന് തുടങ്ങുന്നു എന്ന് പറയുന്നതാവും കൂടുതൽ ശരി. അത് ക്ലാസുമുറികളുടെ ചുമരുകളും പാഠ്യപദ്ധതികളുമില്ലാത്ത സമയപരിധിയും സ്ഥലനിഷ്ഠയുമില്ലാത്ത എന്തും പഠിക്കാൻ സ്വാതന്ത്ര്യം നൽകുന്ന ഒരു വിദ്യാഭ്യാസ പ്രക്രിയയാണ്. അപ്പോൾ ഈ യഥാർഥ വിദ്യാഭ്യാസത്തിന് സഹായകമാവുന്ന കേന്ദ്രങ്ങൾ ആണ് ജനതയുടെ വിദ്യാഭ്യാസത്തിന് ഏററവും പ്രധാന പങ്കുവഹിക്കേണ്ടത്. ഒരു വ്യക്തിയുടെ ജീവിതത്തിലെ ചെറിയ ഒരു കാലഘട്ടത്തിൽമാത്രം വിദ്യാഭ്യാസം നൽകുന്ന, അതും ജനതയുടെ ഒരു ചെറിയ ശതമാനത്തിനുമാത്രം സമീപിക്കാവുന്ന, സ്ക്കൂളിന്റെയും

കോളേജിന്റെയും സർവകലാശാലയുടെയും അവിഭാജ്യഘടകമാണ് ഗ്രന്ഥാലയം എന്ന് നാം അംഗീകരിക്കുന്നുവെങ്കിൽ അവയുടെ പുറത്തുനടക്കുന്ന വിദ്യാഭ്യാസ പ്രക്രിയയുടെയും കേന്ദ്രബിന്ദുവാണ് പൊതുഗ്രന്ഥാലയങ്ങൾ എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. എല്ലാ വികസന പ്രവർത്തനങ്ങളും ഗ്രന്ഥാലയ വിജ്ഞാന വിതരണസംവിധാനങ്ങളുമായി ബന്ധപ്പെടുത്തപ്പെട്ടിരിക്കണമെന്ന് പ്ളാനിംഗ് കമ്മിഷന്റെ ഗ്രന്ഥാലയ പ്രവർത്തനക്കമ്മററി വ്യക്തമായി നിർദേശിക്കുന്നു. ഗ്രന്ഥാലയങ്ങളുടെ പ്രാധാന്യത്തെയും എല്ലാ മേഖലകളിലും അതിനുള്ള സ്വാധീനത്തെയും അത് അംഗീകരിക്കുന്നു. 'ആസൂത്രണത്തിൽ പ്രവർത്തനത്തിൽ ദേശീയ വികസനത്തിന്റെ എല്ലാ മേഖലകളിലും ഗ്രന്ഥാലയങ്ങൾക്കും വിജ്ഞാനവിനിമയ പ്രവർത്തനങ്ങൾക്കുമാണ് ഏററവും പ്രധാന പങ്ക് വഹിക്കാനാവുന്നത്. ദേശീയ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഗവൺമെൻറിന്റെ മറെറല്ലാ വിഭാഗങ്ങളെയും പോലെ ജനതയുടെ പുരോഗതിയുടെ അടിത്തറ പടുക്കേണ്ട ഗ്രന്ഥാലയ വിജ്ഞാന വിനിമയ പ്രവർത്തനത്തെയും ഒരു സ്വതന്ത്രമായ ഏററവും പ്രധാനമായ പ്രത്യേക ഭാഗമായിത്തന്നെ രൂപവത്ക്കരിക്കേണ്ടത് അടിയന്തിരാവശ്യമാണ്. അങ്ങനെയായാൽ മാത്രമെ ആ പ്രവർത്തനം വിജയിപ്പിക്കാനാവൂ. മറെറല്ലാ വികസനപ്രവർത്തനങ്ങൾക്കും പൂർണമായ ഫലം ലഭ്യമാകൂ. എല്ലാ വിഭാഗം ജനങ്ങൾക്കും സേവനം എത്തിക്കാനാവുന്ന ഗ്രന്ഥാലയശൃംഖല ദേശീയവികസനത്തിന്റെ മുഖ്യശക്തിയാണ്. വയോജനവിദ്യാഭ്യാസവും സാക്ഷരത നിലനിർത്തലും തുടർവിദ്യാഭ്യാസവും ജനങ്ങൾക്കൊക്കെ പ്രയോജനപ്രദമാകേണ്ട സമൂഹവിദ്യാഭ്യാസവും കാര്യക്ഷമമായ ഗ്രന്ഥാലയ സേവനസംവിധാനത്തിന്റെ അഭാവത്തിൽ സാധ്യമല്ല.

സമൂഹത്തിലെ ദുർബല ഭൂരിപക്ഷത്തെ സേവിക്കേണ്ടുന്ന അവർക്ക് വിദ്യാഭ്യാസത്തിനും വിജ്ഞാനത്തിനും വാർത്തകൾക്കും സമീപിക്കാനാവുന്ന ഒരേ ഒരു കേന്ദ്രമാണ് ഗ്രാമീണ ഗ്രന്ഥാലയം. എണ്ണത്തിൽ വളരെ കൂടുതലുള്ള കേരളത്തിലെ ഗ്രാമീണ ഗ്രന്ഥാലയങ്ങൾകൂടി ശേഖരത്തിന്റെയും സേവനത്തിന്റെയും സ്വഭാവത്തിൽ അവയുടെ ലക്ഷ്യങ്ങൾ നിറവേററാൻ കെൽപ്പുള്ളവയല്ല. ഗവൺമെൻറിന്റെ യാതൊരു സഹായവും നേതൃത്വവും ലഭ്യമല്ലാത്ത ഒരവസ്ഥയിൽ ജനങ്ങൾതന്നെ സ്വയം കെട്ടിപ്പടുത്ത ഒരു ജനകീയപ്രസ്ഥാനമായിത്തന്നെ അരനൂററാണ്ടോളം നിലനിർത്തപ്പെട്ട ഒരു സംരംഭം എന്ന മഹിമ മാത്രമേ നമ്മുടെ ഗ്രാമീണഗ്രന്ഥാലയ സംവിധാനത്തിനുള്ളു. വെറും വിനോദത്തിനുവേണ്ടി വായിക്കാനുള്ള കുറേ പുസ്തകങ്ങളും വിലകുറഞ്ഞ ആനുകാലികങ്ങളും അഞ്ചാറു പ്രാദേശിക പത്രങ്ങളും ലഭ്യമാക്കുന്നതിലും ഒരു വാർഷികം ആഘോഷിക്കുന്നതിലും ഒതുങ്ങിനിൽക്കുന്നു നമ്മുടെ ശരാശരി ഗ്രാമീണഗ്രന്ഥശാലയുടെ പ്രവർത്തനം. അതിനുകൂടി തികയുന്നതല്ല ഗവൺമെൻറ് അനുവദിക്കുന്ന നാമമാത്രമായ സാമ്പത്തിക സഹായം. ജനതയുടെ ഗൗരവതരമായ വിജ്ഞാനാവശ്യങ്ങളെ തൃപ്തിപ്പെടുത്താനാവുന്ന വിഭവങ്ങളില്ലാത്ത ഗ്രന്ഥാലയങ്ങൾക്കു അവകൊണ്ടുദ്ദേശിക്കപ്പെടുന്ന മഹത്തായ ലക്ഷ്യങ്ങൾ നേടാനാവില്ല. രാഷ്ട്രീയസാമൂഹിക സാമ്പത്തിക തലങ്ങളിലെ പരിവർത്തനങ്ങൾ ഒരു പരിധിവരെ ഗ്രാമങ്ങളിലും ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അത് ഗ്രാമീണരുടെ അറിവിനെയും ബോധനിലവാരത്തെയും വളർത്തുന്നതോടൊപ്പം ആ സമൂഹത്തിന്റെ വിജ്ഞാന സാംസ്കാരികാവശ്യങ്ങളെയും വളർത്തുന്നു. അവ തൃപ്തിപ്പെടുത്തുവാൻ ഗ്രാമീണ ഗ്രന്ഥാലയങ്ങൾക്ക് മാത്രമേ സാധ്യമാവൂ.

സ്വയം പഠനത്തിന് മാത്രമല്ല ഔപചാരിക വിദ്യാഭ്യാസത്തിന്റെ വിജയത്തിനുകൂടി സഹായകമാവേണ്ടുന്ന സ്ഥാപനമാണ് ഗ്രാമീണ ഗ്രന്ഥാലയം. പ്രാഥമിക വിദ്യാഭ്യാസത്തിന്റെയും തുറന്ന സർവകലാശാലകളുടെയും, കറസ്പോണ്ടൻസ് കോഴ്സുകളുടെയും പ്രചാരം വ്യക്തികളുടെ സ്വയം പഠനത്തിനും മാനസിക വികാസത്തിനും ഇന്ന് ഏറെ സൗകര്യങ്ങൾ ലഭ്യമാക്കുന്നു. അവ നഗരവാസികൾക്കെന്നപോലെ ഗ്രാമീണർക്കും പ്രയോജനപ്രദമാവണമെങ്കിൽ, അവ ജനിപ്പിക്കുന്ന വ്യത്യസ്ത

നിലവാരങ്ങളിലുള്ള പുസ്തകങ്ങളുടെയും മററ് പ്രസിദ്ധീകരണങ്ങളുടെയും ആവശ്യം തൃപ്തിപ്പെടുത്തുവാൻ വേണ്ട വിഭവശേഷി ഗ്രാമീണ ഗ്രന്ഥശാലയ്ക്കുണ്ടായിരിക്കണം. വിദ്യാർഥികൾക്കും അധ്യാപകർക്കും ആവശ്യം വരുന്ന റഫറൻസ് ഗ്രന്ഥങ്ങളുടെ ദൗർലഭ്യവും പുസ്തകങ്ങളുടെ വിലവർധനവും ദൈനംദിന ജീവിതത്തിൽ ആവശ്യമായി വന്നേക്കാവുന്ന വിവരങ്ങൾ അന്വേഷിച്ചറിയാൻ വേണ്ട സങ്കേതങ്ങളുടെ അഭാവവും ഗ്രാമത്തിൽ ഗ്രന്ഥശാലയെ ഏററവും പ്രധാനപ്പെട്ട സമൂഹ കേന്ദ്രമാക്കിത്തീർക്കുന്നു.

ഗ്രാമത്തിലെ കർഷകരും കൂലിവേലക്കാരും നിരക്ഷരരും നവസാക്ഷരരും വിദ്യാർഥികളും അധ്യാപകരും മററുദ്യോഗസ്ഥൻമാരും ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും വിജ്ഞാനാവശ്യങ്ങൾ നിർവഹിക്കാനാകുന്ന വിധമുള്ള ഒരു ശേഖരമായിട്ടായിരിക്കണം ഗ്രാമീണ ഗ്രന്ഥാലയം കെട്ടിപ്പടുക്കേണ്ടത്. ജനങ്ങൾ അന്വേഷിച്ചെത്തുന്ന വിവരങ്ങൾ നൽകാൻ സഹായകമായ സർവവിജ്ഞാനകോശങ്ങളും ഇയർബുക്കുകളും, ഡയറക്ടറികളും, നിഘണ്ടുക്കളും, ഗസററിയറുകളും, ഗസററുകളും, സെൻസസ് റിപ്പോർട്ടുകളും മററ് ഗവൺമെൻറ് പ്രസിദ്ധീകരണങ്ങളും ആനുകാലികങ്ങളും ഒക്കെ നമുക്കീ നഗരങ്ങളിൽ പെട്ടെന്ന് സമീപിക്കാനാവുന്ന വിധം ലഭ്യമായിരിക്കുന്നതുപോലെ ഗ്രാമീർക്കും ലഭ്യമാക്കുവാനുള്ള ഉത്തരവാദിത്വം ഒരു ജനായത്ത ഗവൺമെൻറിനുണ്ട്. രാഷ്ട്രീയ സാമൂഹിക സാമ്പത്തിക തലങ്ങളിലെ പ്രാദേശിക ദേശീയ സംഭവവികാസങ്ങളെക്കുറിച്ചറിയാനുള്ള ഗ്രാമീണരുടെ അവകാശവും അവഗണിക്കാനാവില്ല. ഈ വിവരങ്ങൾ എത്തിക്കുന്ന പത്രങ്ങളും മാസികകളും മററ് ഗവൺമെൻറ് പ്രസിദ്ധീകരണങ്ങളും, പിന്നെ തങ്ങളുടെയും വിയർപ്പിൻെറ ഫലം കൊണ്ട് നിലനിർത്തിയിരിക്കുന്ന റേഡിയോ ടെലിവിഷൻ തുടങ്ങിയ ബഹുജനമാധ്യമങ്ങളും ലഭ്യമായിരിക്കുക ഗ്രാമീണരുടെയും അവകാശമാണ്. തൊഴിലവസരങ്ങൾ വിദ്യാഭ്യാസസൗകര്യങ്ങൾ ഗവൺമെൻറ് ലഭ്യമാക്കുന്ന സൗജന്യസേവനങ്ങൾ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വികസനപ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഒക്കെ ലഭ്യമാവുന്ന ഗ്രാമീണർക്കനായാസം സമീപിക്കാനാവുന്ന ഒരു കേന്ദ്രം ഗ്രാമത്തിൽത്തന്നെ നിലനിർത്തുക ഉത്തരവാദിത്വമുള്ള ഒരു ഗവൺമെൻറിൻെറ കടമയാണ്. ഇത്തരം സേവനങ്ങളൊക്കെ ജനങ്ങൾക്ക് നൽകാനാവുന്ന ഗ്രാമീണ ഗ്രന്ഥാലയങ്ങൾക്ക് കമ്യൂണിസ്ററ് രാഷ്ട്രങ്ങൾ മാത്രമല്ല അമേരിക്കപോലുള്ള മുതലാളിത്തരാഷ്ട്രങ്ങൾവരെ അവിടങ്ങളിലെ വികസനപ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പ്രാഥമിക സ്ഥാനംതന്നെ നൽകീയിരിക്കുന്നു. അവിടത്തെപ്പോലെ നിയമനിർമാണത്തിലൂടെ ഗവൺമെൻറിൻെറ ഉത്തരവാദിത്വത്തിലൂടെ മാത്രമേ നമുക്കും ഗ്രന്ഥാലയ സേവനം എല്ലാവർക്കും എത്തിക്കാനാവൂ.

നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാര്യമായ നേട്ടമൊന്നുമുണ്ടാക്കാത്തതിനും, ഗ്രാമീണഗ്രന്ഥാലയങ്ങൾക്ക് അവയുടെ ലക്ഷ്യങ്ങൾ നിറവേററാനാവും വിധം കാര്യക്ഷമമാക്കാൻ കഴിയാത്തതിനും പ്രധാന കാരണം ഒരു ദേശീയ ഗ്രന്ഥാലയനയത്തിൻെറയും സംസ്ഥാനങ്ങളിലെ ഗ്രന്ഥാലയ നിയമത്തിൻെറയും അഭാവം തന്നെയാണ്, എല്ലാവ്യക്തികൾക്കും എല്ലാ ജീവിതരംഗങ്ങളിലും, പ്രത്യേകിച്ച് രാഷ്ട്ര പുരോഗതിയുടെ അടിസ്ഥാനമായ വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ അവസരസമത്വം വാഗ്ദാനം ചെയ്യുന്ന, സോഷ്യലിസം ലക്ഷ്യമാക്കുന്ന നമ്മുടെ ജനാധിപത്യഭരണ സംവിധാനം നാല് ദശകങ്ങൾ പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ജനകീയ വിദ്യാഭ്യാസത്തിൻെറ ജീവധാരകളായിത്തീരേണ്ട ഗ്രന്ഥാലയങ്ങളെ സംബന്ധിച്ച ഒരു ദേശീയ നയം രൂപീകരിക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. തമിഴ്നാട്, ആന്ധ്ര, കർണാടക, മഹാരാഷ്ട്ര, വെസ്ററ് ബംഗാൾ തുടങ്ങിയ അഞ്ച് സംസ്ഥാനങ്ങളിലും യൂണിയൻ ടെറിട്ടറിയായ ഡെൽഹിയിലും മാത്രമേ ഗ്രന്ഥാലയ നിയമം നിലവിൽ വന്നിട്ടുള്ളു. വിദ്യാഭ്യാസ നിലവാരത്തെയും രാഷ്ട്രീയാവബോധത്തേയും കുറിച്ച് അഹങ്കരിക്കുന്ന നമ്മുടെ കൊച്ചു കേരളത്തിൽ കൂടി പാവങ്ങൾക്ക് വിജ്ഞാവിതരണം നടത്തേണ്ട ഗ്രന്ഥാലയങ്ങളെ സംബന്ധിച്ചൊരു നിയമനിർമാണം നാൽപതുവർഷമായി

പരിഗണനയിലിരിക്കുന്നതേയുള്ളു. ക്ഷണികമായ, നേട്ടങ്ങളെക്കുറിച്ച്, വീമ്പിളക്കാനാവുന്ന പോലെ തിരഞ്ഞെടുപ്പിനും മററു പ്രചരണോപാധിയായി ഉപയോഗപ്പെടുത്താവുന്ന ഒന്നല്ല ഒരു ഗ്രന്ഥാലയവിജ്ഞാന വിതരണ സംവിധാനം സ്ഥാപിക്കൽ എന്ന് നമ്മുടെ രാഷ്ട്രീയ നേതാക്കൾക്ക് നന്നായറിയാം.

1946ൽ തിരുവിതാംകൂറിന് മാത്രമായിട്ടും 1959ൽ കേരള സംസ്ഥാനത്തിനുവേണ്ടിയും ഡോ. എസ്. ആർ. രംഗനാഥൻ ഓരോ കരട് ലൈബ്രറി ബില്ലുകൾ നിർമിച്ച് നൽകിയിരുന്നു. ലോകത്തെങ്ങുമുള്ള വികസ്വര രാഷ്ട്രങ്ങൾ മാത്രമല്ല വികസിത രാഷ്ട്രങ്ങൾ വരെ തങ്ങളുടെ ഗ്രന്ഥശാലാ സംവിധാനം രൂപപ്പെടുത്താൻ ഉപദേശമാരായാറുള്ള ഈ വ്യക്തി സമർപ്പിച്ച നീർദേശങ്ങൾ ഇന്നും നമുക്കുപയോഗപ്പെടുത്താനാകും വിധം പുതുമയോടെ നിൽക്കുന്നു. പിന്നെയുമെത്രയോ ഗ്രന്ഥശാലാബില്ലുകൾ നിർമിക്കപ്പെട്ടു. മന്ത്രിസഭകൾ വരുകയും പോകുകയും ചെയ്തു. ഒരു ബില്ലും ഇന്നുവരെ നിയമമായില്ല. ഗവൺമെൻറിൻെറ താല്പര്യക്കുറവും ജനതയുടെ പുരോഗതിയിൽ പുസ്തകങ്ങൾക്കും വിജ്ഞാനവിനിമയ സംരംഭങ്ങൾക്കുമുള്ള പ്രാധാന്യത്തെ സംബന്ധിച്ച ഭരണകർത്താക്കളുടെ അജ്ഞതയുമാണ് ഗ്രന്ഥശാലാനിയമം നിലവിൽവരാൻ തടസ്സമാവുന്നത്.

എന്തായാലും ഒരു ഗ്രന്ഥാലയനിയമം കൊണ്ടുവരാനുള്ള ഈ കാലതാമസത്തിലൂടെ നാം നമ്മുടെ ജനതയുടെ ദരിദ്രരായ ഭൂരിപക്ഷത്തിന് ഉപയോഗപ്പെടേണ്ട വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിഞ്ഞ നാൽപതുവർഷമായി അവർക്ക് നിഷേധിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് യാഥാർഥ്യം. ഇത് അവരുടെ പുരോഗതിക്ക് തടസമാവുകതന്നെ ചെയ്യുന്നു. സംസ്ഥാനത്ത് ഒരു നിയമാധിഷ്ഠിതമായ ഗ്രന്ഥാലയ–വിജ്ഞാന–വിതരണ സംവിധാനമേർപ്പെടുത്തി വിദ്യാഭ്യാസത്തെ ജനകീയവൽക്കരിക്കുന്നതിന് ഇനിയും അമാന്തിക്കുന്നത് ഒരു ജനായത്ത വ്യവസ്ഥിതിയിൽ ഒട്ടും തന്നെ ന്യായീകരിക്കാവുന്നതല്ല.

ഇക്കാര്യത്തെക്കുറിച്ചുള്ള പ്രസിദ്ധ ധനശാസ്ത്രവിദഗ്ധനായ ഷൂമേക്കറുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. "ഒരു വ്യക്തിയിൽ സ്ഥായിയായ ഫലങ്ങളുളവാക്കുന്ന, വികസനത്തിൻെറ അടിത്തറയായിത്തീരുന്ന സമ്മാനം വിദ്യയാണ്. വിശക്കുന്നവന് ഒരു മൽസ്യം കൊടുക്കൂ അതവനെ സന്തോഷിപ്പിക്കും. താൽക്കാലികമായി ആശ്വസിപ്പിക്കുകയും ചെയ്യും. അവൻ എന്നും മൽസ്യം നൽകുന്നവൻെറ അടിമയായിക്കഴിയും. അവനെ മീൻ പിടിക്കാൻ പഠിപ്പിക്കൂ അവനുടൻ സന്തോഷവാനായില്ലെങ്കിൽക്കൂടി അതവന് കുറേക്കൂടി പ്രയോജനപ്രദമാവുന്ന ഒരു സഹായമാവും പക്ഷേ അവനെ വലനെയ്യാൻ പഠിപ്പിക്കൂ. അവൻ സ്വയം ആവശ്യപ്പെടാൻ സാധ്യതയില്ലാത്ത, ഉടൻ തന്നെ ഫലം പ്രകടമാവാത്ത ആ ഉപകാരം അവനെ സ്വന്തം കഴിവുകളിൽ വിശ്വാസമുള്ളവനും സ്വയം പര്യാപ്തനും സ്വതന്ത്രനുമാക്കും."

## *REFERENCES*

1. George, K. M. Indian Libraries: Trendes and perspectives, Hydrabad 1985.
2. ICSSR: Social Information of India. Delhi, 1983.
3. Kerala Public Libraries Bill 1985.
4. Madras Public Libraries Act 1948.
5. Murison W.T. The Public Library, London, 1984.
6. Raman Nair R. Gramathinte Hridayam, Granthalokam, December 1985.
7. Ranganathan S.R. Free book service for all, Bombay 1984.
8. Somjee A.H. Democracy and Political change in Village India.
9. UNESCO Public Library Manifesto Paris 1972.

□